"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-ശ്രീ.റ്റി.കറപ്പൻ തേവനും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA (EKM) No.1527/2023 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 06/11/2023 ലും 28/06/2024 ലും പുറപ്പെടുവിച്ച ഉത്തരവുകളിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.334/2024/TRANS തീയതി,തിരുവനന്തപുരം, 30-08-2024

---

പരാമർശം:-

1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA (EKM) No.1527/2023 നമ്പർ കേസിൽ 06/11/2023-ൽ പുറപ്പെടുവിച്ച ഉത്തരവ്.
2. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 01/12 2023-ലെ SWTDHO/1635/2023-S4 നമ്പർ കത്ത്.
3. 27/06/2024-ലെ സ.ഉ(സാധാ)നം.238/2024/Trans നമ്പർ സർക്കാർ ഉത്തരവ്.
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ CP(EKM)-72/2024 in OA(EKM) No.1527/2023 നമ്പർ കേസിൽ 28/06/2024-ൽ പുറപ്പെടുവിച്ച ഉത്തരവ്.
5. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 26/07/ 2024-ലെ ഇ5/12618/20 നമ്പർ കത്ത്

**ഉത്തരവ്**

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത (EKM) No.1527/2023 നമ്പർ കേസിലെ അപേക്ഷകരായ ശ്രീ.റ്റി. കറപ്പൻ തേവനും മറ്റുള്ളവരും 2010-ൽ ബോട്ട് ലാസ്കർമാരായി സർവ്വീസിൽ പ്രവേശിക്കുകയും 2012-ൽ ബോട്ട് സ്രാങ്ക്/ഡ്രൈവർ എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. എന്നാൽ 2010-ൽ ബോട്ട് ലാസ്കർമാരായി സർവ്വീസിൽ പ്രവേശിക്കുകയും ബോട്ട് ലാസ്കർ ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്ത സഹപ്രവർത്തകർക്ക് അപേക്ഷകരെക്കാൾ കൂടുതൽ ശമ്പളം ലഭിക്കുന്നു എന്നും ആയത് പരിഹരിച്ച് ശമ്പളം പുന:നിശ്ചയിക്കണമെന്നുമാണ് ഈ കേസിലെ അപേക്ഷകരുടെ വാദം.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കോടതി ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ OA (EKM) No.1527/2023 നമ്പർ കേസിലെ അപേക്ഷകരെ നേരിൽ കേട്ടശേഷം അനുബന്ധം A6 നിവേദനം പരിഗണിച്ച് ആയതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

3) ശമ്പള കമ്മീഷൻ ഉത്തരവ് സ.ഉ (പി)7/2016/ഫിൻ തീയതി.20/01/2016 പ്രകാരം

ജീവനക്കാരുടെ ശമ്പളം നിശ്ചയിച്ചപ്പോൾ അപേക്ഷകരുടേയും സഹപ്രവർത്തകരുടേയും ശമ്പളം ഒന്നുകിൽ തുല്യമാണ് അല്ലെങ്കിൽ അവ തമ്മിൽ ഒരു ഇൻക്രിമെന്റ് വ്യത്യാസമേയുള്ളൂ എന്നും പിന്നീട് ബോട്ട് ലാസ്കർ തസ്തികയിൽ തുടരുന്ന സഹപ്രവർത്തകർക്ക് ബോട്ട് ലാസ്കർ ഗ്രേഡ്-1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ, അവരുടെ ശമ്പളം അപേക്ഷകരേക്കാൾ ഒന്നോ രണ്ടോ ഇൻക്രിമെന്റ് മുന്നിലെത്തിയെന്നും 8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചാലും അവരുടെ ശമ്പളം അപേക്ഷകരെ മറികടക്കുന്നതാണെന്നും ബോട്ട് ലാസ്കർ ഗ്രേഡ് -II ൽ നിന്നും ബോട്ട് ലാസ്കർ ഗ്രേഡ്-I ലേക്കുള്ള റേഷ്യോ പ്രൊമോഷൻ തുടർച്ചയായ നടപടി ക്രമമാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 08/01/2024-ൽ അപേക്ഷകരെ നേരിൽ കേൾക്കുകയുണ്ടായി.

5) ജലഗതാഗത വകുപ്പിലെ ഓപ്പറേഷൻ വിംഗിന്റെ സ്പെഷ്യൽ റൂൾസ് G.O(P) No 151/75/PW Dated 18/8/1975 പ്രകാരം സ്രാങ്ക് , ഡ്രൈവർ , ലാസ്കർ എന്നിവരാണ് ക്ലാസ് III ജീവനക്കാർ. സ്പെഷ്യൽ റൂൾസ് പ്രകാരം ലാസ്കർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനമാണ് നടത്തുന്നത്. സ്രാങ്ക്/ ഡ്രൈവേഴ്സ് എന്നീ തസ്തികകളിലേക്കു നേരിട്ടും ലാസ്കർ വിഭാഗത്തിൽ നിന്നും പ്രൊമോഷൻ വഴിയും നിയമനം നടത്തുന്നു. സ്പെഷ്യൽ റൂൾസിൽ ലാസ്കറിനും ഡ്രൈവർ/സ്രാങ്ക് തസ്തികകൾക്കിടയിൽ ലാസ്കർ ഗ്രേഡ്- 1 തസ്തിക പരാമർശിച്ചിട്ടില്ല. സംസ്ഥാന ജല ഗതാഗത വകുപ്പിന്റെ E1/1644/12 തീയതി 18/10/2010, E1/4209/12 തീയതി 18/10/2010 എന്നീ സർക്കുലറുകൾ വഴി മേൽ റൂൾസ് പ്രകാരം നിയമിതരായതാണ് ഈ കേസിലെ അപേക്ഷകർ. അപേക്ഷകരുടെ കൊ- എൻട്രൻസിന് അവർ സർവീസിൽ 8 വർഷം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടൈം ബൗണ്ട് ഹയർ ഗ്രേഡ് അനുവദിച്ചിരുന്നു. ശ്രീ.കറപ്പൻ തേവനും ജൂനിയറായ ശ്രീ.കൃഷ്ണരാജ്.എൻ.ബി-യും ലാസ്കർ ഗ്രേഡ് II തസ്തികയിലാണ് പ്രവേശിച്ചത് എങ്കിലും ശ്രീ.കറപ്പൻ തേവന് സ്രാങ്ക് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചപ്പോൾ ശ്രീ.കൃഷ്ണരാജ്.എൻ.ബി സ്രാങ്ക് ആയി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള യോഗ്യത ഇല്ലാത്തതിനാൽ ലാസ്കർ ഗ്രേഡ് II തസ്തികയിൽ തന്നെ തുടരുകയും 22/07/2017 പ്രാബല്യത്തിൽ ബോട്ട് ലാസ്കർ ഗ്രേഡ്-I തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ ലഭിക്കുകയും ചെയ്തതിനാൽ വ്യത്യസ്ത ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരാണ്. ഇപ്രകാരം വ്യത്യസ്ത തസ്തികകളിലും, വ്യത്യസ്ത ശമ്പള സ്കെയിലിലും തുടരുന്ന ജീവനക്കാരുടെ ശമ്പളത്തിലെ വ്യത്യാസം ജൂനിയർ-സീനിയർ അനോമലിയുടെ പരിധിയിൽ ഉൾപ്പെടുത്തി പരിശോധിക്കുവാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ OA (EKM) No.1527/2023 കേസ് ഫയൽ ചെയ്തിട്ടുള്ള ജീവനക്കാരുടെ ശമ്പളം ജൂനിയർ-സീനിയർ അനോമലി പ്രകാരം ക്രമീകരിക്കാനാവില്ല.

6) റഗുലറായ സ്ഥാനക്കയറ്റ ശ്രേണിയിൽ, ഒരു തസ്തികയിൽ officiate ചെയ്യാതെ അതിനു തൊട്ടു മുകളിലേക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകുന്ന അവസരത്തിലാണ് 17.11.1987 ലെ- സ.(അച്ചടി)968/87/ധന ഉത്തരവ് പ്രായോഗികമാക്കി officiate ചെയ്യാത്ത തസ്തികയിൽ intermediary fixation അനുവദിച്ചു കൊണ്ട് പ്രൊമോഷൻ ലഭിച്ച തസ്തികയിൽ fixation നടത്തുന്നത്. OA (EKM) No.1527/2023 നമ്പർ കേസിലെ അപേക്ഷകരുടെ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവുകളോ സർവ്വീസ് രേഖകളോ സർക്കാരിന്റെ കൈവശമില്ലാത്തതിനാൽ അപേക്ഷകർക്ക് 17.11.1987 ലെ- സ.(അച്ചടി)968/87/ധന ഉത്തരവ് പ്രായോഗികമാക്കി fixation നടത്തുന്നതിന് അർഹതയുണ്ടോ എന്ന് സ്പെഷ്യൽ റൂൾസും അനുബന്ധ ഉത്തരവുകളും പരിശോധിച്ച് തീരുമാനമെടുക്കാൻ

നിയമനാധികാരിയായ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സർക്കാർ തലത്തിൽ തന്നെ തീരുമാനം എടുക്കണം എന്ന ട്രിബ്യൂണലിന്റെ പ്രത്യേക നിർദ്ദേശം നിലനിൽക്കുമ്പോൾ അത്തരം തീരുമാനം ഏതെങ്കിലും അധികാരിയെ ഏൽപ്പിക്കാൻ പാടില്ലായെന്നും ഒന്നാം എതിർ കക്ഷി തന്നെ 06/11/2023-ലെ കോടതി ഉത്തരവ് നടപ്പിലാക്കണമെന്നും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

7) പരാമർശം (4) ലെ ഉത്തരവിന്റെ അടിഥാനത്തിൽപരാമർശം (5) പ്രകാരം ഡയറക്ടർ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ ആവശ്യം വീണ്ടും പരിശോധിച്ചു. ജലഗതാഗത വകുപ്പിലെ ഓപ്പറേഷൻ വിംഗിന്റെ സ്പെഷ്യൽ റൂൾസ് G.O (P) No.151/75/PW Dated 18/8/1975 പ്രകാരം ലാസ്കർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഡ്രൈവർ, സ്രാങ്ക് എന്നിവയിൽ ഏതെങ്കിലും ഒരു തസ്തികയിലേക്കാണ് നിയമനത്തിന് അർഹതയുള്ളത്. അതിനാൽ ഡ്രൈവർ തസ്തികയെ ലാസ്കർ, സ്രാങ്ക് എന്നീ തസ്തികകൾക്കിടയിലുള്ള ഇന്റർമീഡിയറി തസ്തികയായി കരുതാൻ കഴിയില്ല. ആയതിനാൽ OA (EKM) No.1527/2023 നമ്പർ കേസിലെ അപേക്ഷകർക്ക് 17.11.1987 ലെ സ.(അച്ചടി) 968/87/ധന ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണയം അനുവദനീയമല്ല.

8) വ്യത്യസ്ത തസ്തികകളിലും, വ്യത്യസ്ത ശമ്പള സ്കെയിലിലും തുടരുന്ന ജീവനക്കാരുടെ ശമ്പളത്തിലെ വ്യത്യാസം ജൂനിയർ-സീനിയർ അനോമലിയുടെ പരിധിയിൽ ഉൾപ്പെടുത്തി പരിശോധിക്കുവാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ OA(EKM) No.1527/2023 കേസ് ഫയൽ ചെയ്തിട്ടുള്ള ജീവനക്കാരുടെ ശമ്പളം ജൂനിയർ-സീനിയർ അനോമലി പ്രകാരം ക്രമീകരിക്കാനാവില്ല. ജലഗതാഗത വകുപ്പിലെ ഓപ്പറേഷൻ വിംഗിന്റെ സ്പെഷ്യൽ റൂൾസ് G.O(P) No 151/75/PW Dated 18/8/1975 പ്രകാരം ലാസ്കർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഡ്രൈവർ, സ്രാങ്ക് എന്നിവയിൽ ഏതെങ്കിലും ഒരു തസ്തികയിലേക്കാണ് നിയമനത്തിന് അർഹതയുള്ളത്. ആയതിനാൽ ഡ്രൈവർ തസ്തികയെ ലാസ്കർ, സ്രാങ്ക് എന്നീ തസ്തികകൾക്കിടയിലുള്ള ഇന്റർമീഡിയറി തസ്തികയായി കരുതാൻ കഴിയില്ല.

9.പ്രസ്തുത സാഹചര്യത്തിൽ OA (EKM) No.1527/2023 നമ്പർ കേസിലെ അപേക്ഷകരുടെ അനുബന്ധം A6-ലെ ആവശ്യം നിരസിച്ചുകൊണ്ടും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1), (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളിലെ നിർദ്ദേശം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
T Karappan Thevan, Girijan Colony, Kumaly P.0, Idukki-685 509
Sanu K.S, Pulinthazhanikath, Arookutty P.0, Alappuzha-688 535
Sooraj N.S, Nikarthil (H), Manappurarn P.0, Cherthala, Alappuha-688 526
Nandakumar P D, Vadakkepulikkiyil, Panavally P.O, Cherthala, Alappuzha-688526
Saneesh P.R, Thikarthil, Naduvath Nagar P.0, Cherthala, Alappuzha-688 526
Sandeep Ahammed, Chungathara (H), Koothapady, Thammanam P.0, Ernakulam, -682 032
Prahladan M.R, Mukkannamchira, Perumbalam P O, Cherthala-588 570

അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ഐ&പി.ആർ (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Biju N
സെക്ഷൻ ഓഫീസർ
Date: 30-08-2024 16:55:42